**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2056** **21-06-2024 - ൽ മറുപടിയ്ക്ക്**

**സി.എം.ഡി.ആർ.എഫ്. നിന്നും അധിക തുക അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഗുരുതര രോഗം ബാധിച്ചവർക്ക് സി.എം.ഡി.ആർ.എഫ്.-ൽ നിന്നും അധികമായി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരിക്കൽ ധനസഹായം ലഭിച്ചവർ രണ്ടു വർഷത്തിനു ശേഷം വീണ്ടും അപേക്ഷിക്കുന്നപക്ഷം രോഗത്തിന്റെ തീവ്രതയും, മെഡിക്കൽ സർട്ടിഫിക്കറ്റിലെ ചികിൽസാചെലവും, പ്രത്യേക സാഹചര്യവും പരിഗണിച്ച് വീണ്ടും ധനസഹായം അനുവദിച്ചു വരുന്നുണ്ട്. കൂടാതെ കിഡ്നി, കരൾ തുടങ്ങിയ അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാവുന്ന രോഗികൾക്ക് മേൽപറഞ്ഞ കാലാവധി പരിഗണിയ്ക്കാതെ തന്നെ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ, മുൻപ് അനുവദിച്ച തുക ഉൾപ്പെടെ പരമാവധി മൂന്നുലക്ഷം രൂപ വരെയുള്ള ധനസഹായം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ